## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1862

07.03.2018 — ൽ മറുപടിക്ക്

# റേഷൻ മുൻഗണനാ പട്ടിക പരിഷ്കരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എസ്.ശബരീനാഥൻ<br>,, അനിൽ അക്കര<br>,, എ.പി. അനിൽ കുമാർ<br>,, റോജി എം. ജോൺ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) റേഷൻ മുൻഗണനാ പട്ടിക സംസ്ഥാന തലത്തിൽ നിന്നും താലൂക്ക് തലത്തിലേക്ക് പരിഷ്കരിക്കുന്നതിന് ആലോചനയുണ്ടോ; ഇതിനുള്ള സാഹചര്യമെന്താണ്;<br><br>(ബി) സംസ്ഥാന തലത്തിൽ തയ്യാറാക്കിയിട്ടുള്ള മുൻഗണനാ പട്ടികയിൽ നിന്നും ആരെങ്കിലും പുറത്തായാൽ തൊട്ടടുത്ത ആൾക്ക് മുൻഗണനാ പട്ടികയിൽ ഇടം നൽകണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമല്ലേ പുതിയ പരിഷ്കാരം;<br><br>(സി) പുതിയ വ്യവസ്ഥ ഗ്രാമപ്രദേശങ്ങളിലുള്ള അർഹതയുള്ളവർക്ക് പ്രതികൂലമാകുമെന്നതിനാൽ സംസ്ഥാന തലത്തിൽ തന്നെ മുൻഗണനാ പട്ടിക പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും നിലവിൽ അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായ സർക്കാർ ജീവനക്കാർ, നാല് ചക്ര വാഹനം സ്വന്തമായുള്ളവർ, 1000 ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീട് സ്വന്തമായുള്ളവർ എന്നിവരെ കണ്ടെത്തി പട്ടികയിൽ നിന്നും ഒഴിവാക്കി അർഹരാണെന്ന് കണ്ടെത്തുന്നവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. അനർഹരായവരെന്ന് കണ്ടെത്തിയവരുടെ എണ്ണവും അപേക്ഷ നൽകിയവരുടെ എണ്ണവും താലൂക്ക് അടിസ്ഥാനത്തിൽ പരിശോധിച്ച് ആനുപാതികമായി വീതം വയ്ക്കുന്നത് പരിഗണിക്കുന്നതിനോടൊപ്പം താലൂക്കുകളിൽ അധികമായി ലഭിക്കുന്ന ഒഴിവുകൾ മറ്റ് താലൂക്കുകളിലേക്ക് നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ